**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4942 | 6.02.2014 ൽ മറുപടിയ്ക്ക് |
|---|---|
| **സ്ത്രീകളും കുട്ടികളും അപമാനിക്കപ്പെടുന്നതിനെതിരെ നടപടി** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. പി. ഉബൈദുള്ള**<br>**,, സി. മമ്മൂട്ടി**<br>**,, റ്റി. എ. അഹമ്മദ് കബീർ**<br>**,, എൻ. ഷംസുദ്ദീൻ** | **ശ്രീ.ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) സ്ത്രീകളും കുട്ടികളും അപമാനിക്കപ്പെടുന്ന സംഭവങ്ങൾക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുമ്പോൾത്തന്നെ അത്തരം വൈകൃതങ്ങൾക്ക് കാരണമാകുന്ന മാനസിക, സാമൂഹ്യ കാരണങ്ങളെക്കുറിച്ച് ഒരു സമഗ്രപഠനത്തിനും തുടർനടപടികൾക്കും തുടക്കം കുറിക്കുമോ; വ്യക്തമാക്കാമോ; | (എ) സ്ത്രീകളും കുട്ടികളും അപമാനിക്കപ്പെടുന്ന സംഭവങ്ങളിലേയ്ക്ക് നയിക്കുന്ന മാനസിക സാമൂഹ്യ കാരണങ്ങളെ സംബന്ധിച്ച് സമഗ്ര പഠനം നടത്തുന്നതിനെക്കുറിച്ചും അക്കാദമിക് സ്ഥാപനങ്ങളെ ഇതിനായി ചുമതലപ്പെടുത്തുന്നതിനെക്കുറിച്ചും പരിശോധിക്കുന്നതാണ്. |
| (ബി) സ്ത്രീകളെ അപമാനിക്കുന്നതരത്തിൽ ദൃശ്യമാധ്യമങ്ങൾ മത്സരബുദ്ധിയോടെ പ്രക്ഷേപണം ചെയ്യുന്ന പരിപാടികൾ സാമൂഹ്യകെട്ടുറപ്പിന്റെ പരിധി ലംഘിക്കുന്നുണ്ടോ എന്നും മനുഷ്യരിൽ വൈകൃത മനോഭാവം വളർത്തുന്നുണ്ടോ എന്നും പരിശോധിക്കുമോ; | (ബി) 23.5.2013-ലെ സ.ഉ(സാധാ)നം.233/13/ ഐ&പി.ആർ ഉത്തരവ് പ്രകാരം കേബിൾ ടിവിയിൽ പ്രക്ഷേപണം ചെയ്യുന്ന പരിപാടികളെ സംബന്ധിച്ച പരാതികൾ പരിശോധിച്ച് ശുപാർശകൾ കേന്ദ്രവാർത്താപ്രക്ഷേപണ മന്ത്രാലയത്തിന് നൽകുന്നതിലേയ്ക്കായി സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ നിയമപരമായി നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ മജിസ്ട്രേറ്റിനും കേബിൾ ടിവി നെറ്റ് വർക്ക് (റെഗുലേഷൻ) ആക്ട് 1995 പ്രകാരം അധികാരമുണ്ട്. |
| (സി) സ്ത്രീത്വത്തെ മാനിക്കാനും, നല്ല സ്ത്രീ-പുരുഷബന്ധം വളർത്താനും ഉതകുന്ന പാഠഭാഗങ്ങളും പരിശീലനവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യത്തിൽ വിദ്യാഭ്യാസവകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുമോ? | (സി) പാഠപുസ്തക പരിഷ്കരണത്തിൽ ജെൻഡർ ഇക്വാളിറ്റി ഒരു പ്രധാന കോർ കംപോണന്റ് ആയാണ് പരിഗണിച്ചിരിക്കുന്നത്. അതിനനുസരിച്ചാണ് പാഠഭാഗങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. സ്ത്രീത്വത്തെ മാനിക്കാനും, നല്ല സ്ത്രീ-പുരുഷബന്ധം വളർത്താനും ഉതകുന്ന പാഠഭാഗങ്ങൾക്ക് ഊന്നൽ നൽകിയാകണം പാഠപുസ്തകങ്ങൾ തയ്യാറാക്കേണ്ടത് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് പരിശോധിക്കുന്നതിന് സമിതികളും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ